**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** **03.03.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : *43**

**സംസ്ഥാനത്തെ മുൻനിര നിക്ഷേപ സൗഹൃദമാക്കാനുള്ള പ്രവർത്തനങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി.വി. അൻവർ**<br>**ശ്രീ. കെ. ബാബു**<br>**ശ്രീ. കാരാട്ട് റസാഖ് :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കേരളത്തെ മുൻനിര നിക്ഷേപ സൗഹൃദ സംസ്ഥാനമായി ഉയർത്തുകയെന്ന പ്രഖ്യാപിത നയം പ്രാവർത്തികമാക്കാൻ ചുവപ്പുനാട ഒഴിവാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തെ മുൻനിര നിക്ഷേപ സൗഹൃദ സംസ്ഥാനമായി ഉയർത്തുന്നതിന്റെ ഭാഗമായും വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ ആനായാസവും, സുഗമവും ആക്കുന്നതിനു വേണ്ടിയും "2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്" പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് 11.02.2019 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.<br><br>സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് 1999 ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ |

| | | | |
|---|---|---|---|
| | | | നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതുമായ എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ എന്നിവ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ ഹാജരാക്കുന്നതിന് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന "2019 -ലെ കേരള സൂക്ഷ്മ - ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം" പ്രാബല്യത്തിൽ വന്നിട്ടുണ്ട്.<br><br>വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയ ബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേക്കായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും, സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിനും 15 കോടിയ്ക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പ്ലോട്ടുകൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ നിക്ഷേപകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള മൂലധനം സമാഹരിക്കുന്നതിനുള്ള നടപടികളും, ഭൂമിയുടെ രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് |

| | | | |
|---|---|---|---|
| | | | ഡ്യൂട്ടി ഇനത്തിലും ഇളവ് അനുവദിക്കുക വഴി പുതിയ സംരംഭകരെ ആകർഷിക്കാൻ കഴിയും.<br><br>2020 ജനുവരി 9,10 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച 'അസെൻഡ് 2020' പരിപാടിയിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി അവതരിപ്പിക്കുവാനും സംസ്ഥാനത്തേയ്ക്ക് പുതിയ നിക്ഷേപങ്ങൾ സാധ്യമാക്കുന്നതിനുള്ള അന്തരീക്ഷം സംജാതമായത് നിക്ഷേപ സമൂഹത്തിനെ ബോധ്യപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. |
| **(ബി)** | വ്യവസായ വികസനം ലാഭാധിഷ്ഠിതം മാത്രമായി മാറാതെ വിദഗ്ദ്ധ, അവിദഗ്ദ്ധ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കി സമ്പദ് ഘടനയിൽ ഗുണപരമായ മാറ്റം സൃഷ്ടിക്കുന്നതിന് സർക്കാർ നൽകാനുദ്ദേശിക്കുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | **(ബി)** | **നൈപുണ്യ സംരംഭ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കൽ :** സംസ്ഥാനത്ത് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും നൈപുണ്യ സംരംഭക വികസന വ്യവസായിക സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഓരോ തദ്ദേശ സ്ഥാപനങ്ങളിലും കുറഞ്ഞത് ഒരു സംഘമെങ്കിലും രജിസ്റ്റർ ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. മരാമത്ത് ജോലികൾ, നിർമ്മാണ മേഖലയിലെ ഇലക്ട്രിക്കൽ, പ്ലംബിംഗ്, അറ്റകുറ്റപണികൾ, കൃഷി, വ്യവസായം എന്നീ മേഖലകളിൽ നൈപുണ്യം ഉള്ളതും ഇല്ലാത്തതുമായ തൊഴിലാളികളുടെ ആവശ്യം വളരെ കൂടുതലാണ്. നൈപുണ്യം ഉള്ളതും ഇല്ലാത്തതുമായ തൊഴിലാളികളെ കണ്ടെത്തി, ഹ്രസ്വ പരിശീലനങ്ങളും ഉപകരണങ്ങളും പണിയായുധങ്ങളും സജ്ജമാക്കിക്കൊണ്ട് പൊതുജനങ്ങൾക്ക് അവരുടെ സേവനം എളുപ്പത്തിൽ ലഭ്യമാക്കി, തൊഴിലാളികൾക്ക് തൊഴിലും വേതനവും ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ബ്ലോക്ക് തല സംയോജനത്തിലൂടെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി പദ്ധതി നടപ്പാക്കാനും, വ്യവസായ പരിശീലന ഡയറക്ടറേറ്റുമായി സഹകരിച്ച് ട്രെയിനിംഗ് നൽകാനും വിഭാവനം ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതി വഴി നാളിതുവരെ 499 സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങൾക്ക് തൊഴിലാളികളെ ലഭിക്കുന്നതിലേക്കായി മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ച് വരികയാണ്. കൊല്ലം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഉടൻ തന്നെ പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ യഥാസമയം നടത്തിക്കൊടുക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്.<br><br>ഇലക്ട്രോണിക്സ്, ഡിഫെൻസ്, ഭക്ഷ്യ സംസ്കരണം, ലൈഫ് സയൻസസ് മേഖലകളിൽ സാങ്കേതിക വിദ്യ അധിഷ്ഠിതമായ പദ്ധതികൾ ആണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഈ മേഖലകളിലേക്ക് കൂടുതൽ നിക്ഷേപകർ വരുന്നത് വിദഗ്ധ, അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് അവസരം സൃഷ്ടിക്കും.<br><br>സ്റ്റാർട്ടപ്പുകൾക്കായി സർക്കാർ സീഡ് ഫണ്ടിംഗ് പദ്ധതിയും ഇൻക്യുബേഷൻ സൗകര്യവും ഒരുക്കിയിട്ടുണ്ട്. സ്റ്റാർട്ടപ്പുകളുടെ വളർച്ച വിദഗ്ധ, അവിദഗ്ധ തൊഴിലാളികൾക്ക് നിരവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ അവസരം ലഭ്യമാക്കും. |
| **(സി)** | വ്യവസായ ആവശ്യത്തിന് ഭൂമിയുടെ ലഭ്യത സാധ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | **(സി)** | വ്യവസായ വകുപ്പിന്റെ അധീനതയിൽ 39 ഡെവലപ്പ്മെന്റ് ഏരിയ / പ്ലോട്ടുകൾ നിലവിലുണ്ട്. ഡെവലപ്പ്മെന്റ് പ്രദേശങ്ങളിൽ ഭൂവികസനം, ജലലഭ്യത ഉറപ്പാക്കൽ, ഊർജ്ജ വിതരണം, പാരമ്പര്യേതര ഊർജ്ജം ഉപയുക്തമാക്കൽ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള ഡെവലപ്പ്മെന്റ് ഏരിയ ഡെവലപ്പ്മെന്റ് പ്ലോട്ടുകളുടെ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യ വികസനവും നവീകരണം എന്ന പദ്ധതി നിലവിലുണ്ട്. പരമാവധി വ്യവസായ യൂണിറ്റുകൾ ഉൾപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ബഹുനില സമുച്ചയങ്ങളുടെ നിർമ്മാണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഡെവലപ്പ്മെന്റ് ഏരിയ / പ്ലോട്ടുകളിൽ സർവ്വേ നടത്തി വികസനം കൈവരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്.ഐ.ഡി.സി യുടെ കീഴിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ വളർച്ച കേന്ദ്രങ്ങളിൽ സ്ഥലം, കെട്ടിടം എന്നിവ വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി ലഭ്യമാക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്ത് തോന്നക്കലിൽ കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മാത്രമല്ല ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആലപ്പുഴ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകികൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ കിൻഫ്ര വഴി |

| | | | |
|---|---|---|---|
| | | | പുരോഗമിക്കുന്നുണ്ട്. സംസ്ഥാനത്ത് വ്യാവസായിക ഭൂമിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് കണ്ണൂർ ജില്ലയിൽ 4,400 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്ക് കിൻഫ്ര തുടക്കമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ